**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമാണ തൊഴിലാളി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമാണ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന പെൻഷൻ മുടങ്ങിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത പെൻഷൻ അടിയന്തരമായി അനുവദിച്ച് നൽകുന്നതിന് പ്രത്യേക സഹായം നൽകുമോ; വ്യക്തമാക്കാമോ; | (എ) | തനതു ഫണ്ടിൽ നിന്നാണ് ബോർഡ് പെൻഷൻ നൽകി വരുന്നത്. കട്ടത്ത സാമ്പത്തിക പ്രതിസന്ധി മൂലം 2022 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാതിരുന്നതിനാൽ, ബോർഡിന്റെ ശിപാർശ പ്രകാരം ടി കുടിശ്ശിക വിതരണം ചെയ്യുന്നതിലേയ്ക്ക് കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡിൽ നിന്നും നിബന്ധനകൾക്കു വിധേയമായി 100 കോടി രൂപ വായ്പയായി അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്ന കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ധനകാര്യ പ്രതിസന്ധിയിലേക്ക് നീങ്ങാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | മുൻ കാലങ്ങളിൽ ബോർഡിന് സാമ്പത്തിക ഭദ്രത ഉണ്ടായിരുന്നതിനാൽ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നതിന് സാധിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പെൻഷൻ തുക സർക്കാർ ഉത്തരവ് പ്രകാരം അറുന്നൂറ് രൂപയിൽ നിന്ന് ആയിരത്തി അറുന്നൂറ് രൂപയായി വർദ്ധിച്ചതിനാലും, പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും കാര്യമായി വർദ്ധിച്ചതിനാലും അതേ സമയം ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവ് അതിനനുസൃതമായി വർദ്ധിക്കാത്തതിനാലും പെൻഷൻ വിതരണം തടസ്സപ്പെട്ടിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ബോർഡിന്റെ ഭരണചെലവ് ആകെ അംശദായത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ബോർഡിന്റെ ഭരണ ചെലവ് ആകെ അംശദായത്തിന്റെ 31.92% ആണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.<br><br>വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>2017-18 - 39%<br><br>2018-19 - 23%<br><br>2019-20 - 29% |

| | | | |
|---|---|---|---|
| | | | 2020-21 - 29%<br>2021-22 - 43% |

സെക്ഷൻ ഓഫീസർ